**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 33** **30-01-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പെൻഷൻ മുടങ്ങിയിട്ട് എത്ര മാസമായി എന്നും മുടങ്ങാൻ ഉണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കാമോ; | (എ) | 2023 നവംബറിലും ഡിസംബറിലും പെൻഷൻ നല്കിയിരുന്നു. 2023 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസത്തെ പെൻഷൻ നല്കാനുണ്ട്. പെൻഷൻ കമ്പനിയുടെ ബാധ്യതകൾ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കാത്തതും പെൻഷന്റെ കേന്ദ്ര വിഹിതം യഥാസമയം നല്കാത്തതു കാരണവുമാണ് പെൻഷൻ യഥാസമയം നല്കാൻ കഴിയാത്തത്. 2020 സെപ്റ്റംബർ മുതൽ ക്ഷേമ പെൻഷനുകൾ അതാത് മാസം തന്നെ നൽകി വന്നിരുന്നു. ചില അവസരങ്ങളിൽ രണ്ട് മാസത്തെ പെൻഷൻ ഒന്നിച്ച് നൽകിയിട്ടുണ്ട്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തു തന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. |
| (ബി) | നിലവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശിക എന്നത്തേക്ക് നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ഉറപ്പുവരുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രാധാന കർത്തവ്യമാണ്. പ്രസ്തുത കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനായി സർക്കാർ ഇതിനോടകം തന്നെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചതും, സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിനായി പെട്രോൾ, ഡീസൽ സെസ്സ് ഏർപ്പെടുത്തിയതും ഈ നടപടികളുടെ ഭാഗമാണ്. എന്നാൽ പ്രസ്തുത കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ തന്നെ 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. അതായത് 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് പോലും മതിയാകുകയില്ല. ഇക്കാരണത്താൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമ പെൻഷനുകൾ പരമാവധി മുടക്കം കൂടാതെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ